**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** **13-02-2025 - ൽ മറുപടിയ്ക്ക്**

**റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റബ്ബർ കൃഷിയും ഉല്പാദനക്ഷമതയും ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് കൂട്ടാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | **റബ്ബർ ബോർഡിന്റെ രേഖകൾ പ്രകാരം കഴിഞ്ഞ മൂന്ന വർഷങ്ങളിലെ റബ്ബറിന്റെ വിള വിസ്തൃതിയും ഉത്പാദനക്ഷമതയും സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:**<br><br>(table below)<br><br>നിലവിൽ റബ്ബർ കൃഷി ചെയ്യുന്ന സ്ഥലവിസ്തീർണ്ണത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ല. എന്നാൽ ഉത്പാദനക്ഷമത വർധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി റബ്ബർ ബോർഡ് വഴി റെയിൻ ഗാർഡ് ഒരുക്കുന്നതിനും, മരുന്ന് തളിക്കുന്നതിനും ധനസഹായം ലഭ്യമാക്കുന്നുണ്ട്. 2024-25 വർഷം മുതൽ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന 'കേരള കാലാവസ്ഥ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി (കേര)' യിലൂടെ റബ്ബർ കർഷകർക്ക് റബ്ബർ റീപ്ലാന്റെഷനുള്ള സഹായം (225 കോടി) രൂപ റബ്ബർ നഴ്സറികൾക്കുള്ള സഹായം, റബ്ബർ കർഷകർക്കുള്ള പാർഷ്യൽ ക്രെഡിറ്റ് ഗ്യാരണ്ടി സപ്പോർട്ട് സ്കീം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് റബ്ബർകൃഷി പ്രോത്സാഹിപ്പിക്കാൻ നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ? | (ബി) | റബ്ബറിന്റെ ഉത്പാദനം, വികസനം, കയറ്റുമതി എന്നീ കാര്യങ്ങൾ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള റബ്ബർ ബോർഡിൽ നിക്ഷിപ്തമാണെങ്കിലും വിള ഇൻഷുറൻസും നടീൽ വസ്തുക്കൾക്കുള്ള സഹായവും, യന്ത്രവത്ക്കരണവും മൂല്യ വർധനവിനുള്ള പദ്ധതികളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ PMFBY, RWBCIS, SMAM, അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടും സംസ്ഥാന വില ഇൻഷുറൻസ് പദ്ധതിയുമാണ് ഇവയിൽ പ്രധാനപ്പെട്ടത്.<br><br>കൃഷി വകുപ്പ് മുഖേന റബ്ബർ കൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ |

| **വർഷം** | **2021-22** | **2022-23** | **2023-24** |
|---|---|---|---|
| വിള വിസ്തൃതി (ഹെക്ടർ) | 550000 | 549780 | 548300 |
| ഉത്പാദനക്ഷമത (കി.ഗ്രാം/ഹെക്ടർ) | 1565 | 1570 | 1573 |

| | | | |
|---|---|---|---|
| | | | RPIS പ്രകാരം സർക്കാർ നിശ്ചയിച്ചിരിക്കുന്ന തുകയും അതാത് ദിവസങ്ങളിൽ റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നു. ഈ സാമ്പത്തിക വർഷം നാളിതു വരെ ഇതിനായി 61.57 കോടി രൂപ കൈമാറിയിട്ടുണ്ട്.<br><br>റബ്ബർ ബോർഡ് വഴി, റബ്ബർ തോട്ടങ്ങളിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി വിദ്യാഭ്യാസ സഹായം, വൈദ്യ സഹായം, ഭവന നിർമ്മാണ സഹായം, വനിതാ ടാപ്പർമാർക്കുള്ള പ്രത്യേക ധനസഹായം, പെൻഷൻ പദ്ധതി തുടങ്ങിയവയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ